# CHURCH BULLETINE FEBRUARY 2009



സൗന്ദര്യ ശ്രേഷ്ഠനായ മോർ ഏലിയാസ് ബാവ അങ്ങേക്ക് സമാധാനം. സങ്കടപെടുന്നവർക്ക് സഹായങ്ങളെ ചൊരിഞ്ഞുകൊടുക്കുന്ന വലിയഭണ്ഡാരം അങ്ങാകുന്നു. കർത്താവ് തന്റെ സത്യ വാഗ്ദത്ത പ്രകാരം നിന്നിലും, നീ അവനിലും വസിക്കുന്നു. ദൈവത്തിന്റെ വിശ്വസ്ത കലവറക്കാരാ പാപികളായ ഞങ്ങൾ കരുണകൾക്കും, പാപമോചനത്തിനും യോഗ്യരായി തിരുവാനായിട്ടും, അങ്ങയുടെ പുണ്യാവസ്ഥയിൽ സാദൃശപെടുവാനുമായിട്ട് ഇപ്പോഴും, എല്ലായ്പ്പോഴും ഞങ്ങൾക്കുവേണ്ടി ദൈവംതമ്പുരാനോട് അപേക്ഷിക്കണമേ?

# താളുകൾ മറിക്കുമ്പോൾ

Page


1. Photograph of Patriarch Mor Ignatios Eliyas III
2. Index Page (താളുകൾ മറിക്കുമ്പോൾ)
3 & 4. താഴ്മ ഉയർച്ചയിലേക്കുള്ള ചവിട്ടുപടി. Message from our Vicar
4. Official Announcements
5. Presiding Hierarchs Of Church &
Office Bearers For The Year Of 2009
6. Office Bearers For The Year Of 2009
7. Official Announcement & Birthday Greeting
8. വി. സഭ ഈ മാസം ഓർമ്മ പെരുന്നാൾ കൊണ്ടാടുന്ന പിതാക്കന്മാർ
9. സഭാ വാർത്തകൾ ചുരുക്കത്തിൽ
10. X-MAS & New Year Carol At Indian School By KCEC
11. 2009–ലെ പുതു–വത്സര ദിനം
12. 25th Wedding Anniversary
13 Bible quiz By Annamma Joseph
14 General Knowledge By Rajan C Daniel
15 Bible Cross word By Leela Alaxander
16 Bible Cross Word By Leela Alaxander
17 I will go to God→ Article By SAI Manarcadu
18 Biography of the Holy Patriarch Mor Ignatius Elias III
19 Biography of the Holy patriarch Mor Ignatius Elias III
20 Biography of the Holy patriarch Mor Ignatius Elias III
21 Biography of the Holy Patriarch Mor Ignatius Elias III
22 Biography of H . G Bishop Yakkob Mor Themothios
23 Biography of H . G Bishop Yakkob Mor Themothios
24 List of the shares taken on the feast of St. Athanasios, Aluva &
New faces to Our Parish

# From our Vicar





## താഴ്മ ഉയർച്ചയിലേക്കുള്ള ചവിട്ടുപടി!

പതിനാറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന. സ്വിസ് വേദശാസ്ത്രജ്ഞനായിരുന്നു ഉള്‌റിച്ച് സിംഗ്ലി (1484–1531) സുവിശേഷവേലയിൽ സമകാലിക വേദശാസ്ത്രജ്ഞന്മാരുമായി വിവിധ വിഷയങ്ങളിൽ ഭിന്നാഭിപ്രായക്കാരനായിരുന്നു അദ്ദേഹം.

ഒരിക്കൽ, സ്വിറ്റ്സർലാൻഡിലെ ഒരു മലകയറുമ്പോൾ, ദൈവം സിംഗ്ലിയെ അസാധാരണമായ ഒരു പാഠം പഠിപ്പിച്ചു. അത് അദ്ദേഹത്തിന് ആത്മശോധനയ്ക്കും അഭിപ്രായസമന്വയത്തിനും കാരണമായി. സിംഗ്ലി ഒരു ഇടുക്കുവഴിയിലൂടെ മുകളിലേക്ക് പോകുകയായിരുന്നു. തന്റെ മുമ്പിൽ ഒരു ആട്ടുകൊറ്റൻ അതേവഴിയിലൂടെ മലകയറുന്നുണ്ടായിരുന്നു. അതേ സമയം, ആ ഇടുക്കുവഴിയുടെ തുടക്കത്തിൽ നിന്നും മറ്റൊരു ആട്ടുകൊറ്റൻ മലയിറങ്ങിവരുന്നത് സിംഗ്ലി കണ്ടു. ഒരു പ്രത്യേക സ്ഥലത്ത് ആ ആടുകൾക്ക് രണ്ടിനും ആ ഒരേസമയം കടന്നുപോകുവാൻ കഴിയാത്തവണ്ണം തീരെ ഇടുക്കമുണ്ടായിരുന്നു.

ആട്ടുകൊറ്റന്മാർ രണ്ടും ആ ഇടുങ്ങിയ സ്ഥലത്ത് എത്തി. അവരിരുവരും തലയുയർത്തി ഉച്ചസ്ഥായിൽ ശ്വാസോച്ഛ്വാസം നടത്തി, അന്യോന്യം നോക്കി. അപ്പോൾ, സിംഗ്ലി ഒരു സംഘട്ടനമാണ് അവിടെ പ്രതീക്ഷിച്ചത്. പക്ഷേ, പ്രതീക്ഷയ്ക്കുവിരുദ്ധമായതൊന്നാണ് അവിടെ നടന്നത്. മലകയറിക്കൊണ്ടിരുന്ന ആട്ടുകൊറ്റൻ മലയിറങ്ങിക്കൊണ്ടിരുന്ന ആട്ടുകൊറ്റന്റെ മുമ്പിൽ, ആ ഇടുക്കുവഴിയിൽ, കിടന്നുകൊടുത്തു! അപ്പോൾ, അതിന്റെ മുകളിൽ ചവിട്ടി മലയിറങ്ങുന്ന ആട്ടുകൊറ്റൻ മറികടന്നു!! ആ ആട്ടുകൊറ്റൻ ഉടൻതന്നെ ചാടിയെഴുന്നേറ്റ് മലകയറ്റം തുടർന്നു. ഈ സമയം സിംഗ്ലി പഠിച്ച പാഠം: ഉയരത്തിലേക്കുള്ള വഴി താഴ്മയുടെ മാർഗ്ഗമാണ്.

മനുഷ്യവർഗ്ഗത്തിനു വന്നുഭവിച്ച താഴ്ചയിൽനിന്നും അവരെ ഉദ്ധരിക്കുവാൻ യേശുക്രിസ്തു ക്രൂശിലെ മരണത്തോളം തന്നെത്താൻ താഴ്ത്തിയത് നമുക്കും അനുകരണീയമാണ്. 'ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ. അവിടുന്നു ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചു കൊള്ളണം. എന്ന വിചാരിക്കാതെ ദാസരൂപം എടുത്തു. മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ, അനുസരണമുള്ളവനായിത്തീർന്നു. അതുകൊണ്ടു ദൈവവും അവിടുത്തെ ഏറ്റവും ഉയർത്തി സകല നാമത്തിനും മേലായ നാമം നല്കി. (ഫിലി. 2:5–9)

സുഹൃത്തുക്കളേ, മറ്റുള്ളവരുടെ തോളിൽ ചവിട്ടി എങ്ങനെയും ഉയരങ്ങൾ കൈയ്യടക്കുവാൻ ശ്രമിക്കുന്നവരുടെ ഇടയിലാണ് നാമും ജീവിക്കുന്നത്. പക്ഷേ, നമ്മുടെ കർത്താവു നമ്മെ പഠിപ്പിച്ചത് അങ്ങനെയല്ല. ‘ശാഠ്യത്താലോ ദുരഭിമാനത്താലോ ഒന്നും ചെയ്യാതെ താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവനെ തന്നെക്കാൾ ശ്രേഷ്ഠൻ എന്ന് എണ്ണിക്കൊള്ളുവിൻ.’ (ഫിലി. 2:3)

യഹോവ ഉന്നതനെങ്കിലും താഴ്മയുള്ളവനെ കടാക്ഷിക്കുന്നു (സങ്കീ. 138:6) യഹോവ താഴ്മയുള്ളവനെ ഉയർത്തുന്നു (സങ്കീ. 147:6) താഴ്മയ്ക്കും യഹോവാഭക്തിക്കും ഉള്ള പ്രതിഫലം ധനവും മാനവും ജീവനും ആകുന്നു. (സദൃശ. 22:4)

വലിയ നോമ്പിന്റെ ധന്യ മുഹൂർത്തത്തിലേക്കു പ്രവേശിക്കുന്ന നാം താഴ്മയും, വിനയവും ധരിച്ച് നോമ്പനുഷ്ഠാനത്തിലൂടെ രക്ഷാകരമായ ഉയർപ്പിന്റെ ദിവ്യാനുഭവത്തിലേക്കു ചേർക്കപെടുവാൻ സംഗതിയാക്കട്ടെ?

സ്നേഹപുർവ്വം നിങ്ങളുടെ പോൾ മാത്യൂസച്ചൻ

## അറിയിപ്പുകൾ

**ഫെബ്രുവരി 13: മഹാ പരിശുദ്ധനായ ഇഗ്നാത്തിയോസ് ഏല്യാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ ഓർമ്മ പെരുന്നാൾ. വി: കുർബ്ബാന രാവിലെ 7:00–ന്.**

**ഫെബ്രുവരി 15: ആനീദേ ഞായർ– സകല വാങ്ങിപോയവരുടേയും ഓർമ്മ**

**ഫെബ്രുവരി 20: വാർഷിക പൊതുയോഗം. വി. കുർബ്ബാനനന്തരം**

**ഫെബ്രുവരി 22: വലിയ നോമ്പിൻെറ ഫോത്തുർത്തോ ഞായർ, കൊത്തിനെ ഞായർ, അന്ത്യോഖ്യാ സിംഹാസന സ്ഥാപന ദിനം. പെരുമ്പിള്ളി തിരുമേനിയുടെ ഓർമ്മ.**

**ഫെബ്രുവരി 23: വലിയ നോമ്പാരംഭം, ശുബക്കോനോ ശുശ്രുഷ വൈകീട്ട് 7:30–ന്**

**ഫെബ്രുവരി 27: കോട്ടേജ് പ്രയർ മീററിംഗ്. പള്ളിയിൽ വച്ച് നടത്തുന്നു വൈകീട്ട് 7:30–ന് (സ്പോൺസർ: പി. വി. ഏലിയസ് പൈനാടത്ത്)**

**മാർച്ച് 1: ഗർബോ ഞായർ– (കുഷ്ഠ രോഗിയെ സൗഖ്യമാക്കുന്നത്)**


**മാർച്ച് 8: മ്ശയറോ ഞായർ (തളർവാത രോഗിയെ സൗഖ്യമാക്കുന്നത്)**

<u>അനുശോചനം</u>: നമ്മുടെ ഇടവാകംഗം ശ്രി സി. സി. ജോർജജിന്റെ ഭാര്യാ പിതാവ് കർത്താവിൽ നിദ്ര പ്രാപിച്ചു. പരേതന്റെ സന്തപ്ത കുടുംബാംഗങ്ങളോടുള്ള അനുശോചനം രേഖപ്പെടുത്തന്നതോടൊപ്പം, പരേതന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നു.

# Presiding Hierarchs Of Church




His Holiness The
Patriarch Ignatius
Zakka-1 Iwas



Catholicos Aboon
Mor Baselios
Thomas I



Mor Athanasius
Geevarghese

ഇടവക
മെത്രാപ്പോലീത്താ

## Office Bearers For The Year Of 2009



President
Fr. Paul Mathews
39840243



Vice President
Raju K Varghese
39974567



Secretary
Saj Babu
39336163



Trustee
Benny Y Jacob
39261355



Joint Secretary
Polson V Pynadath
39082610



Committee Member
Eldho P Pynadath
39545643

# Office Bearers For The Year Of 2009



Committee Member

Prince P Thomas

39950040



Committee Member

Binu P Mathew

39604585



Ex-Officio

Chev. Thomas Abraham

39461824



Librarian

Mahesh Thomas

39211265



Auditor

Ligy T. K



Auditor

Moby P. T

39150631





Vanitha Samajam Coordinator

Giby Elson


## Cartoon Corner



## ഫെബ്രുവരി 22. പരിശുദ്ധ അന്ത്യോഖ്യാ സിംഹാസന സ്ഥാപനം



വി. പത്രോസ് ശ്ലീഹാ



പാത്രിയർക്കാ സിംഹാസനം




പരിശുദ്ധ ബാവാ

### അറിയിപ്പുകൾ

▪cottage prayer meeting നടത്തുവാൻ താൽപര്യമുള്ളവർ ശ്രീ രാജു. കെ വർഗ്ഗീസിനെ ബന്ധപ്പെടുക. (39974567) വീടുകളിൽ നടത്തുവാൻ സൗകര്യമില്ലാത്തവർക്ക് പള്ളിയിൽ വച്ച് നടത്തുന്നതിന് സൗകര്യമുണ്ടായിരിക്കും.

▪ഫെബ്രുവരി മാസത്തെ chain prayer 17–ാം തീയ്യതി ചൊവ്വാഴ്ച സന്ധ്യാ പ്രാർത്ഥനയോടെ ആരംഭിച്ച് 18–ാം തീയ്യതി ബുധനാഴ്ച മദ്ധ്യസ്ഥ പ്രാർത്ഥനയോടെ അവസാനിക്കുന്നു.

## മൂന്നാം പിറന്നാൾ

**05–02–2009**



**BASIL PRINCE**

## വി. സഭ ഈ മാസം ഓർമ്മ പെരുന്നാൾ കൊണ്ടാടുന്ന പിതാക്കന്മാർ



ഇഗ്നാത്തിയോസ് ഏലിയാസ് തൃതിയൻ ബാവാ ഫെബ്രുവരി 13



യാക്കോബ് മോർ യൂലിയോസ് ബാവ, ഫെബ്രുവരി 19



ഗീവർഗീസ് മോർ ഗ്രീഗോറിയോസ് (പെരുമ്പിള്ളി) തിരുമേനി, ഫെബ്രുവരി 22




യാക്കോബ് മോർ തീമോത്തിയോസ് ഫെബ്രുവരി 9

**നിങ്ങളോട് ദൈവവചനം സംസാരിച്ചിട്ടുള്ള നിങ്ങളുടെ ഭരണകർത്താക്കളെ ഓർത്തുകൊള്ളണം. അവരുടെ നടപടികളുടെ അവസാനം ഓർത്തു അവരുടെ വിശ്വാസത്തെ അനുകരിക്കുക. (എബ്രായർ: 13:7)**

# സഭാ വാർത്തകൾ ചുരുക്കത്തിൽ

## MOR GABRIEL DAYRO & RELIGIOUS FREEDOM IN TURKEY : DEMONSTRATION HELD IN BERLIN, GERMANY







Berlin, 25 Jan 2009: Some 3,000 people, including the Archbishop of the Syriac Orthodox Church in Germany, Hanna Aydin, staged a demonstration in front of the Berlin Cathedral on Sunday, Jan. 25, demanding religious freedom for Syriac Orthodox Christians in Turkey. Syriacs are one of Turkey's oldest communities, descendants of a branch of Middle Eastern Christianity. These Christians, united by a language derived from Aramaic, are split into several Orthodox and Catholic denominations. There were 250,000 Syriacs when Ataturk founded Turkey after World War I from the ashes of the Ottoman Empire. Today they number 20,000. Syriacs migrated throughout the 20th century to Europe, fleeing first persecution by the new secular republic, and later to escape violence between Kurdish separatist rebels and the Turkish military in the southeast



ആലുവാ തൃക്കുന്നത്ത് സെൻറ് മേരീസ് പള്ളിയിൽ പ: പിതാക്കന്മാരുടെ കബറിങ്കൽ യാക്കോബായ സുറിയാനി സഭയുടെ ശ്രേഷ്ഠ ബസേലിയോസ് പ്രഥമൻ ബാവാ പ്രാർത്ഥന നടത്തുന്നു.

# X-MAS New Year Carol At Indian School By KCEC












2009–ലെ പുതു–വത്സര ദിനം






# *25th Wedding Anniversary (20th Feb 2009)*



*Mr. M.P Paulose & Mrs. Gracy Paulose*
*Nuptial in Bahrain*
*@ St. Peters' Jacobite Jacobite Syrian Orthodox Curch*

*(20th Feb 1984)*



## ക്വിസ് നമ്പർ – 2

## (1 ശമൂവേൽ 15 – 31)

1.പഞ്ഞിനൂൽ കൊണ്ടുള്ള ഏഫോദ് ധരിച്ച 85 പുരോഹിതന്മാരെ കൊന്നുകളഞ്ഞ എദോമ്യർ ആര് ?

2."യഹോവയുടെ മുമ്പാകെ അഭിഷിക്തൻ ഇതാ" എന്നു യിശ്ശായിയുടെ ഏതു പുത്രനെ കണ്ടപ്പോഴാണ് ശമുവേൽ പറഞ്ഞത് ?

3.ഗത്ത് രാജാവായ ആഖീശ് ദാവീദിനു കല്പിച്ചുകൊടുത്ത സ്ഥലം ഏത് ?

4.ഭർത്താവിനു പകരം ഒരു ബിംബത്തെ കട്ടിലിൽ കിടത്തിയവൾ ആര് ?

5.ഏതു മരുഭൂമിയിൽ വെച്ചാണ് ദാവീദും യോനാഥാനും തമ്മിൽ യഹോവയുടെ സന്നിധിയിൽ ഉടമ്പടി ചെയ്തത് ?

6.ദാവീദ് തോട്ടിൽ നിന്നെടുത്ത മിനുസമുള്ള കല്ലെത്ര ?

7.യഹോവയുടെ അഭിഷിക്തന്റെ മേൽ കൈവച്ചിട്ട് ആർ ശിക്ഷ അനുഭവിക്കാതെ പോകും എന്നുപറഞ്ഞതാര് ?

8.സിക്ലാഗ് നശിപ്പിച്ചവരെ ദാവീദ് സംഹരിച്ചപ്പോൾ അവരിൽ രക്ഷപ്പെട്ടവരെത്ര ?

9.ഗൊല്യാത്തിന്റെ പൊക്കം എത്ര ?

10.ദാവീദ് ഏതു രാജാവിന്റെ മുമ്പിലാണ് ബുദ്ധിഭ്രമം നടിച്ചത് ?

11ശൌലിന്റെ മകളായ മേരബിനെ ദാവീദിനു കൊടുക്കേണ്ടിയിരുന്ന സമയത്ത് അവൻ അവളെ മററൊരാൾക്കു ഭാര്യയായി കൊടുത്തു ആർക്ക് ?

12ശൌലിന്റെ ഉടൽ തൂക്കിയതെവിടെ ?

13വേഷം മാറി വെളിച്ചപ്പാടത്തിയുടെ അടുക്കൽ പോയ രാജാവ് ?

14ദാവീദിനെ അപമാനിച്ച കർമ്മേലിൽ വ്യാപാരമുള്ള മാവോന്യൻ ആര് ?

15ദാവീദ് എത്ര പ്രാവശ്യം യോനാഥാന്റെ മുമ്പിൽ സാഷ്ടാംഗം വീണു നമസ്ക്കരിച്ചു ?

## ക്വിസ് നമ്പർ – 1, ഉത്തരങ്ങൾ

(1).ഏബെൻ–ഏസെർ7:12, (2).ശമൂവേൽ1:20, (3).യോനാഥാൻ14:27,29, (4).യോവേൽ ঃ അബിയാവ്8:2, (5).ഏലി2:29, (6).7മാസം6:1, (7).ബന്യാമീൻ9:21, (8).ഗിൽഗാൽ, മിസ്പ11:14 10:17, (9).ആഗാഗ്15:33, (10).ശൗൽ11:7, (11).ഫിനെഹാസ്4:9, (12).ബേത്ത്, ശേമ്യർ6:20, (13).98 സംവത്സരം4:15, (14).മേരബ്, മീഖാൾ14:49, (15).ബോസേസ്, സേനെ14:4

**കഴിഞ്ഞ മാസത്തെ വിജയികൾ**

| | | | |
|---|---|---|---|
| 1. | Achamma Elias | 1. | Moly Baby |
| 2. | Alyamma Thomas | 2. | Nimmy Jacob |
| 3. | Aneena Mary Abraham | 3. | Preethi Jijo |
| 4. | Babu P V | 4. | Rejeena Joseph |
| 5. | Biju Thelapilly | 5. | Reji Solomon |
| 6. | Bisy Eby | 6. | Reny Eldho |
| 7. | Christy Mary Reji | 7. | Shelby Jacob |
| 8. | Delna Anna Abraham | 8. | Shaiby Baby |
| 9. | Giby Elson | 9. | Shiny Shaju |
| 10. | Hepsy Binu | 10. | Silvy Cheriyan |
| 11. | Laly C Joshua | 11. | Somy Raju |
| 12. | Lema Anna Chrisostum | 12. | Sony Roy |
| 13. | Linda Sarah Abraham | 13. | Suja Kurivila |
| 14. | Mercy Abraham | 14. | Zibi Benny |

## നിങ്ങൾക്കറിയാമോ? വി: വേദപുസ്തകത്തെ പറ്റിയുള്ള ചില കാര്യങ്ങൾ.

1- വി: വേദപുസ്തകം മോശ മുതൽ 40 ലേഖകന്മാർ ഏകദേശം 1600 കൊല്ലം കൊണ്ട് രചിച്ചതാണ്.

2- പ്രചാരത്തിലിരിക്കുന്ന ഇന്നത്തെ വി: വേദപുസ്തകത്തെ പഴയനിയമം, പുതിയ നിയമം എന്നിങ്ങനെ രണ്ടായി തിരിച്ചിരിക്കുന്നു. പഴയ നിയമത്തിൽ 39 പുസ്തകങ്ങളും, പുതിയ നിയമത്തിൽ 27 പുസ്തകങ്ങളും ഉൾപ്പെടെ 66 പുസ്തകങ്ങൾ അടങ്ങിയിരിക്കുന്നു.

3- സങ്കീർത്തനങ്ങൾക്ക് ചില പ്രത്യേകതകൾ കാണാം.

- ഏറ്റവും വലിയ അദ്ധ്യായം-119-ാം സങ്കീർത്തനം
- ഏറ്റവും ചെറിയ അദ്ധ്യായം-117-ാം സങ്കീർത്തനം
- വി. വേദപുസ്തകത്തിൻെറ മദ്ധ്യഭാഗം: 117-ാം സങ്കീർത്തനം
- വി. വേദപുസ്തകത്തിൻെറ കൃത്യംനടുമദ്ധ്യം-118:8

4- ഏറ്റവും വലിയ വാക്യം: എസ്ഥേർ 8:9

5- ഏറ്റവും ചെറിയ വാക്യം: വി: യോഹന്നാൻ 8:9

6- 136-ാം സങ്കീർത്തനത്തിലെ എല്ലാ വാക്യങ്ങളും അവസാനിക്കുന്നത് ഒരു പോലയൊണ്.

7- യെശയ്യാവ് 37, 2രാജാക്കന്മാർ 19 എന്നീ അദ്ധ്യായങ്ങൾ ഒരുപോലെയാണ്.

8- ഏറ്റവും ഇമ്പകരമായ അദ്ധ്യായം- അപ്പോ.പ്ര 26


9- മഹത്തായ വാഗ്ദത്തങ്ങൾ ഉള്ളത് നാല് വാക്യങ്ങളിലാണ്
(യോഹ 14:2, 6:36, മത്തായി 11:28, സങ്കീ 37:4)

10- വി. വേദപുസ്തകത്തിലെ ഏറ്റവും വിശിഷ്ഠമായ അദ്ധ്യായം (23-ാം സങ്കീർത്തനം)

11- വി: ലൂക്കോസ് 6-ാം അദ്ധ്യായത്തിൻെറ 20 മുതലുള്ള വാക്യങ്ങൾ എല്ലാവരും കാണാതെ പഠിക്കേണ്ടതാണ്.

**സമാഹരണം: രാജൻ സി ദാനിയേൽ**

## Are You Bible Literate? Bible Crossword #2 (February 2009)



Leela Alexander

**ACROSS**

**6** Which prophet warned Amaziah that Israel would go into exile?

**7** Who was in exile for three years after killing his brother Amnon?

**8** Where did Moses flee to when he left Egypt?

**11** Which prophet went into exile in Babylon?

**12** Who was brought down to Egypt and sold to a man named Potiphar?

**14** Who was appointed governor of Judah after people went into exile?

**15** Which king issued an edict ending the exile of jews?

**DOWN**

**1** Which interpreter of dreams was in exile in Babylon?

**2** Who predicted the Babylonian exile to Hezekiah?

**3** Which king of Judah was temporarily exiled in Assyria where he repented for his evil ways?

**4** Who chose to go into exile rather than constantly quarrel with his brother?

**5** Which apostle was exiled to Patmos?

**9** Which judge fled from his kin and lived in the land of Tob?

**10** Who was king when Jerusalem fell to Babylonians?

**13** Who was banished with her child to the desert?

Useful References: Revelation 1, Genesis 39, Genesis27, Genesis 21, 2Samuel 13, Exodus 2, Judges 11, 2Kings 20, 2Chronicles 33, 2Chronicles 36, Ezekiel 1. 2kings 25, 2Chronicles 36, Daniel 1, Amos 7.

1. This is the second in the series of Bible crossword puzzles for 2009.
2. This time all the clues are about people in exile mentioned in the Bible.
3. Solve the crossword and deposit your answers in the box near the door to the church within 14 days after the release of the news letter.
4. This contest is open to all; Sunday school students and adults.
5. The winners' names will be published in the Church Newsletter.
6. The annual award is given only to Sunday school students.
7. A few references are given. Use them if necessary.
8. You may also send the answers to me by email.
9. My email address is

bibleliterate@gmail.com

## Winners of Bible Crossword 1 January 2009

Abram Biji, Acsah Elizabeth, Akhil Basil Paulose, Albert M Johns, Aneena Mary Abraham, Angel Ann Joshua, Anju Paulose, Ann Biji, Ashik James, Aswin Kurian, Binumon Jacob, Christy Mary Thomas, Delna Anna Abraham, Edhel Elsa Ann Joshua, Elaine Agith, Elsa Maria Thomas, Flemy P Eby, Jackson Jerom James, Jeeba C Biju, Jibu Joseph Biju, Joseph Sabu, Kamal Baby Paul, Lemma Ana Crisostom, Lian Gijo,Linu Varghese, Manuel Benny, Maria Anna Eldho, Merin Mary Basil, Naomi Johns, Remil Nelson, Ria Mariam, Riya Raju, Ron Joseph, Samuel Benny, Sandra Saju, Sebine Scaria, Serene Scaria, Shebin M Zacharia, Sian Gijo, Sneha Elsa Kuruvilla, Thomas Sabu, Vivek Solomon, Maria Anna Eldho.

Congratulations, Leela Alexander

## Answer to Bible Crossword 1 January 2009

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | G | | | | | | | | S | | J | |
| | O | | M | O | S | E | S | | A | | E | |
| | L | | | | A | | | | M | A | R | Y |
| M | I | R | I | A | M | | | | S | | E | |
| | A | | | | U | | | | O | | M | |
| | T | | S | T | E | P | H | E | N | | I | |
| | H | | O | | L | | E | | | | A | |
| | | | L | | | | Z | | J | | H | |
| | A | M | O | S | | P | E | T | E | R | | |
| | | | M | | | | K | | H | | | |
| | | J | O | H | N | | I | | U | | | |
| | | | N | | | | A | | | | | |
| | | | | R | U | T | H | | | | | |

## I will go to god

The stars shone more brightly then ever before and the moon hung ever so high in the majestically black sky. I could laughter in the background and crying in the foreground. My mind was clouded and my palms a bright red from the bitter cold.

It seemed like just yesterday I has sat with him laughing and smiling. I could still hear the slight crackle or his perfectly creased shirts, and smell the aromas of cologne and dryer sheets. I remembered the brightness in his eyes and his glowing personality. I could hear his sweet voice and his assuring words. But now he was gone. It was only hours after I said good bye, laid a single rose upon the ground, and watched his casket slowly fade into the deep earth tones. I was confused, numb and deeply depressed. He had been my mentor, my guide. He had been my life.

The days went by ever slowly and the nights were never ending. I kneeled beside my bed and prayed each night while dawning in my tears. I was lost without him, and felt as if I had no reason to live anymore. I was standing on the edge.

Finally it came time for me clean out his belongings. I was going through albums and dresser drawers in his bedroom when I found a small white book and on the cover were a tiny angel with is initials inscribed. It looked as if he had sketched them in himself. I opened the book and began to flip through the pages. Page after page there ware prayers and inscriptions from the bible. As I put the book down a small folded piece of paper fell out. I opened it and read it. It was a list of names he had written himself. It was in two or three tones of blue pen and had been folded and unfolded several times. On this piece of paper were his ‘’thank-yours’’. He had made a list of all the people who had made a difference in his life and who he cared about. Reading the names and inscriptions I felt the tears flow down my cheeks. At the bottom of the list it read ‘’ these people have shown me the way through the toughest of times, but most of all I must thank god. For without him I would not have these people. When I get to heaven I will go to god and ask him to watch over you all. I know he will be proud to stand next to you all when it is your time. Enjoy every minute of our time on earth. Live through God.

With this I put the paper back into the book and finished packing things up. For the first time in the past month I smiled. I knew he was safe and he would be watching over us. And I learned to live through God, our saviour.

Collected by SAI Manarcad

യൂത്ത് അസ്സോസിയേഷൻ പ്രതിമാസ യോഗം എല്ലാ രണ്ടാം വെള്ളിയാഴ്ചകളിലും, മൊർത്ത്-മറിയം വനിതാ സമാജം എല്ലാ ഒന്നും, നാലും വെള്ളിയാഴ്ചകളിലും, സോഷ്യൽ സർവ്വീസ് ലീഗ് എല്ലാ മൂന്നാം വെള്ളിയാഴ്ചകളിലും നടത്തപ്പെടുന്നു.

## പരിശുദ്ധ ഇഗ്നാത്തിയോസ് ഏലിയാസ് തൃതിയൻ ബാവാ

പരിശുദ്ധ ഏലിയാസ് തൃതിയൻ ബാവ 1867 ഒക്ടോബർ 13–ാം തീയ്യതി മർദ്ദീനിൽ ജനിച്ചു. ഷാക്കീർ കുടുംബത്തിൽ വന്ദ്യ എബ്രഹാം കോറേപ്പിസ്ക്കോപായുടേയും, മറിയാമിൻേറയും രണ്ടാമത്തെ മകനായി ജനിച്ച ബാവ, നാസിറി (ജയാളി) എന്ന പേരിലാണ്ആദ്യം അറിയപ്പെട്ടിരുന്നത്.

പരിശുദ്ധ ബാവാക്ക് നാല് സഹോദരന്മാരും, മൂന്ന് സഹോദരിമാരും ഉണ്ടായിരുന്നു. മാതാവിൻെറ മരണശേഷം മൂത്ത സഹോദരി ഹെലീനയാണ് ബാവായെ വളർത്തിയത്. ജേഷ്ഠ സഹോദരനായ ജോസഫിൻെറ മകൻ സഖറിയ, ബാവായുടെ സെക്രട്ടറി എന്ന നിലയിൽ ബാവായൊടൊപ്പം മലങ്കരയിൽ വന്നിരുന്നു. ഇളയ സഹോദരനായ അഫ്രേം മൂസലിലെ ഒരു മെഡിക്കൽ ഡോക്ടറായിരുന്നു. പ.ബാവായുടെ പ്രാഥമിക വിദ്യാഭ്യാസം മർദ്ദീനിൽ തന്നെയായിരുന്നു. ബാലനായ നാസിറി കുർക്കുമ ദയറായിലെ ഒരു സ്ഥിരം സന്ദർശകനായിരുന്നു. ഇടക്കാലത്ത് ഒരു സർക്കാർ ആഫീസിൽ ജോലി നോക്കിയെങ്കിലും മൂന്നു മാസത്തിനു ശേഷം ജോലി രാജി വച്ചു.

പരിശുദ്ധ പത്രോസ് തൃതിയൻ ബാവ നാസിറിയെ കുറിച്ചറിഞ്ഞപ്പോൾ നാല്പത് പരിശുദ്ധൻമാരുടെ നാമത്തിലുള്ള സ്കൂളിൽ ചേർന്ന് ദൈവശാസ്ത്ര വിഷയങ്ങൾ പഠിക്കുന്നതിന് നിർദ്ദേശിച്ചു. ഏററവും സമർത്ഥനായ ഒരു വിദ്യാർത്ഥിയായിരുന്നു നാസിറി.

1887–ൽ (20 വയസ്സുള്ളപ്പോൾ) പരിശുദ്ധ പത്രോസ് തൃതിയൻ ബാവയിൽ നിന്നും ശെമ്മാശപട്ടം സ്വീകരിച്ചു. പിന്നീട് ഏലിയാസ് എന്ന പേരിലറിയപെട്ടു. 1888–ൽ ഏലിയാസ് ശെമ്മാശനെ ശർവോയോ റമ്പാനാക്കി. തുടർന്ന് അന്ത്യോഖ്യാ സിംഹാസന ആസ്ഥാനമായ കുർക്കുമ ദയറായിൽ താമസിച്ച് പഠനം പൂർത്തിയാക്കി. 1892–ൽ പരിശുദ്ധ പത്രോസ് തൃതിയൻ ബാവയിൽ നിന്ന് കശീശാ പട്ടം സ്വീകരിച്ചു. പരിശുദ്ധ ബാവായുടെ സ്വകാര്യ കാര്യ ദർശിയെന്ന നിലയിൽ ചുമതലകൾ നിറവേററിയ ഏലിയാസ് കശീശ മർദദീനിന് അടുത്തുള്ള ആമീദ് (ഡയർബക്കർ) മഹാ ഇടവകയുടെ ചുമതലകൾ കുറച്ചു നാൾ നിർവഹിച്ചു. പരിശുദ്ധ പത്രോസ് തൃതിയൻ ബാവ 1894–ൽ കാലം ചെയ്തപ്പോൾ ആമിദിലെ ചുമതലകൾ വിട്ട് ഏലിയാസ് കശീശാ കുർക്കുമ ദയറായിലേക്ക് തിരിച്ചു വന്നു.

1895–ൽ പരിശുദ്ധ അബ്ദുൾ മശിഹാ പാത്രിയർക്കീസ് ബാവ ഷെരിയായിലേയും 1899–ൽ തുറബ്ദീനിലുള്ള (ടർക്കി) മിദിയാത്തിലേയും ഭദ്രാസന ഇടവകകളിൽ ഉണ്ടായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഏലിയാസ് കശീശായെ നിയോഗിച്ചു. അന്നത്തെ തുർക്കി ഗവൺമെൻറ് അർമ്മേനിയൻ ക്രിസ്താനികളെ പീഢിപ്പിച്ചു കൊണ്ടിരുന്നപ്പോൾ ഏഴായിരത്തിലധികം ക്രിസ്താനികൾക്ക് വി. കുര്യാക്കോസിൻെറ ദയറായിൽ അഭയം നൽകിയത് ഏലിയാസ് കശീശായായിരുന്നു. അർമ്മേനിയൻ ക്രിസ്താനികൾക്ക് ചെയ്തു കൊടുത്ത സഹായങ്ങൾ ഏറെ പ്രശംസിക്കപ്പെട്ടു.

പിന്നീട് കുറിയാക്കോസ് ദയറായുടേയും തലവനായി അദ്ദേഹം നിയമിതനായി. ആ കാലഘട്ടത്തിൽ സ്ഥലങ്ങൾ വാങ്ങുകയും സ്കൂളുകൾ, പള്ളികൾ, ആശുപത്രികൾ എന്നിവ പണിയിത്തുകയും ചെയ്തു. ഏലിയാസ് കശീശായുടെ പ്രവർത്തനങ്ങൾ മൂലം ടർക്കിയിൽ അദ്ദേഹം പ്രസിദ്ധനാകുകയും ചെയ്തു.

41 വയസസുള്ളപ്പോൾ (1908–ൽ) പരിശുദ്ധ അബ്ദുള്ള രണ്ടാമൻ പാത്രിയർക്കീസ് ബാവ ഏലിയാസ് കശീശായെ ഈവാനിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ചു. മോർ ഈവാനിയോസ് ഏലിയാസ് ബാവ ഡയർബക്കർ ഭദ്രാസനത്തിൻെറ ചുമതലകൾ (1908–1911) നിർവഹിച്ചു. 1912–ൽ ഇറാഖിലെ മൂസലിൻെറ മെത്രാപ്പോലിത്തയായി നിയമിതനായി.

1915–ൽ നവംബർ 26–ാം തീയ്യതി അബ്ദുള്ള രണ്ടാമൻ പാത്രിയർക്കീസ് ബാവ കാലം ചെയ്തതിനെ തുടർന്ന് മോർ ഈവാനിയോസ് ഏലിയാസ് മെത്രാപ്പോലിത്ത പാത്രിയർക്കീസായി തിരഞ്ഞെടുക്കപെട്ടു. 1917–ൽ പാത്രിയർക്കാ സ്ഥാനാരോഹണം നടന്നു. തുർക്കി സുൽത്താനായ മുഹമ്മദ് റഷീദ്, പരിശുദ്ധ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവാക്ക് ഫർമാൻ (അധികാര പത്രം) കൊടുത്തു. 1919–ൽ പരിശുദ്ധ ബാവ ടർക്കിയുടെ അന്നത്തെ തലസ്ഥാനമായ കോൺസ്ററാൻറിനോപ്പിൾ സന്ദർശിക്കുകയും ടർക്കി സുൽത്താൻ പരിശുദ്ധ ബാവാക്ക്, ഇസ്മാനിയാ മെഡൽ സമ്മാനിക്കുകയും ചെയ്തു. 1922–ൽ യരുശലേമിൽ എഴുന്നെള്ളി ഏതാനും മാസങ്ങൾ താമസിച്ചു. ഈ കാലഘട്ടത്തിലാണ് ടർക്കിയിൽ ആഭ്യന്തര കലാപം ഉണ്ടായത്. തുടർന്ന് രാജഭരണം മാറി ജനാധിപത്യ ഭരണക്രമം അനുസരിച്ച് ഗാസി മുസ്തഫാ കെമാൻ പാഷ അധികാരത്തിലെത്തി.

പരിശുദ്ധ ബാവ യരുശലേമിൽ ഒരു മുദ്രാലയം സ്ഥാപിക്കുകയും അവിടെ നിന്ന് അറബിയിലും, സുറിയാനിയിലും മാസികകളും, ആഴ്ചപതിപപുകളും പ്രസദ്ധീകരിക്കുന്നതിന് ആരംഭിക്കുകയും ചെയ്തു. 1923–ൽ മോർ ഏലിയാസ് യൂലിയോസ് മെത്രാപേപാലിത്തായെ (അന്ത്യോഖ്യാ സിംഹാസന പ്രതിനിധി) വാഴിച്ചു. മലങ്കര സഭക്കു വേണ്ടി പരിശുദ്ധ ബാവ പരിശുദ്ധ ബാവാ വാഴിച്ച മെത്രാപേപാലിത്താമാരാണ് ക്നാനയ സമുദായത്തിൻെറ മോർ ദീയസ്കോറോസ് തോമസ്സ്, മലങ്കരയുടെ ഗർജ്ജിക്കുന്ന സിംഹമെന്നറിയപെടുന്ന പുണ്യശ്ലോകനായ മീഖായേൽ മോർ ദീവന്നാസ്യോസ് എന്നിവർ.

മലങ്കര സഭയിലെ കക്ഷി വഴക്കിനു പരിഹാരം കാണുന്നതിനായി പരിശുദ്ധ പാത്രിയർക്കീസ് ബാവ മലങ്കരയിൽ എഴുന്നുള്ളുകയോ, ചെയ്യണമെന്നപേക്ഷിച്ചുകൊണ്ട് അന്നത്തെ ഇൻഡ്യൻ വൈസ്രോയി ഇർവ്വിൻ പ്രഭു 1930 ഡിസംബർ 1–ാം തിയ്യതി പരിശുദ്ധ ബാവാക്ക് ഒരു ക്ഷണക്കത്തയച്ചു. പരിശുദ്ധ ബാവ ചില ഉപാധികളോടെ ക്ഷണക്കത്തു സ്വീകരിച്ചുകൊണ്ട് ഡിസംബർ 15–ന് മറുപടി അയച്ചു.

ഹൃദ്രോഗ ബാധിതനായിരുന്ന പരിശുദ്ധ ബാവ ഇൻഡ്യയിലേക്ക് യാത്ര ചെയ്യുന്നത് അഭിലഷണീയമല്ലെന്ന് ഡോക്ടർമാർ ഉപദേശിച്ചു. 75 വയസസ്സുണ്ടായിരുന്ന മൂത്ത സഹോദരിയും പരിശുദ്ധ ബാവ യാത്ര ചെയ്യരുതതെന്ന് കണ്ണീരോടെ അപേക്ഷിച്ചു. പരിശുദ്ധ ബാവായുടെ മറുപടി ശ്രദ്ധേയമായിരുന്നു. നാം ഇവിടെ താമസിച്ചാലും ഒരു ദിവസം മരിക്കും. നാം ഇൻഡ്യയിലായിരിക്കുമ്പോൾ മരിച്ചെന്നു വരാം. നാം മലങ്കരയിലെ മക്കൾക്കു വേണ്ടി നമ്മുടെ ജീവനെ ബലി കഴിക്കുന്നു.

പരിശുദ്ധ ബാവ 1931 ഫെബ്രുവരി 6-ാം തീയ്യതി മൂസലിൽ നിന്ന് യാത്ര തിരിച്ചു. യാത്രയിൽ മോർ ക്ലീമിസ് യൂഹാനോൻ അബ്ബാച്ചീ മെത്രാപോലീത്താ, വന്ദ്യ കുറിയാക്കോസ് റമ്പാച്ചൻ (പിന്നീട് മോർ ഒസ്താതിയോസ് കൂറിയാക്കോസ്) വന്ദ്യ യേശു ശാമുവേൽ റമ്പാച്ചൻ (പിന്നീട് അമേരിക്കയിലെ ആർച്ച് ബിഷപപ് മോർ അത്താനാസ്യോസ് യേശു ശാമുവേൽ) സെക്രട്ടറി സഖറിയാ ഷാക്കീർ, പരിഭാഷകനായ ഏലിയാസ് ഖദൂരി വക്കീൽ എന്നിവർ ബാവായെ അനുഗമിച്ചു.

പരിശുദ്ധ ബാവായും സംഘവും 1931 ഫെബ്രുവരി 28-ന് ബസ്രാ തുറമുഖത്തു നിന്ന് വാർസോവാ എന്ന കപ്പലിൽ ഇൻഡ്യയിലേക്ക് യാത്ര തിരിച്ചു. 1931 മാർച്ച് 5-ന് കറാച്ചിയിൽ കപ്പലിറങ്ങി. ഭാവായെ സ്വീകരിക്കുന്നതിന് അന്നത്തെ അന്ത്യോഖ്യാ സിംഹാസന പ്രതിനിധി മോർ യൂലിയോസ് ഏലിയാസ് ബാവാ, ആലുവായിലെ വലിയ തിരുമേനി എന്നിവരും കശീശന്മാരും, ശെമ്മാശന്മാരും, വിസ്വാസികളും എത്തിയിരുന്നു. പരിശുദ്ധ ബാവാ 1931 മാർച്ച് 6-ാം തീയ്യതി കറാച്ചിയിൽ നിന്നും തീവണ്ടിയിൽ യാത്ര ചെയ്ത് ഡൽഹിയിലെത്തി വൈസ്രോയിയെ സന്ദർശിച്ചു. 12-ാം തീയ്യതി മദ്രാസിലെത്തി ഗവർണ്ണർ, സർ ജോർജജ് സ്ററാലിയെ സന്ദർശിച്ച്, മാർച്ച് 21-ന് ആലുവായിലെത്തി. മാർച്ച് 22-ന് ത്രിക്കുന്നത്ത് സെമിനാരി പള്ളിയിൽ വി:കുർബ്ബാനയർപ്പിച്ചു.

മലങ്കരയിലെ നിരവധി പള്ളികളിൽ സന്ദർശിച്ച ബാവാ 1931-ലെ ഹാശാ ആഴ്ച ശുശ്രൂഷകൾ കരിങ്ങാച്ചിറ പള്ളിയിൽ നിർവഹിച്ചു. 1931 ജൂലായ് 5-ാം തീയതി കുറുപ്പംപടി പള്ളിയിൽ പള്ളി-പ്രതിപുരുഷയോഗം ചേർന്നു. പാണമ്പടി പള്ളി ഒന്നിലധികം സന്ദർശിക്കുകയും രണ്ടു മാസത്തിലധികം അവിടെ താമസ്സിക്കുകയും ചെയ്തു. 1932 ലെ ദനഹാ ശുശ്രൂഷകൾ പാക്കിൽ പള്ളിയിലാണ് നിർവഹിച്ചത്.1932 ഫെബ്രുവരി 11-ാം തീയതി മഞ്ഞനിക്കര മോർ സ്തേഫാനോസ് പള്ളിയിലെ ക്ഷണപ്രകാരം അവിടെ എത്തി. സമാധാന ശ്രമങ്ങൾ ഫലപ്രാപ്തിയിപെത്താത്തതിനാലുള്ള മന:ക്ലേശത്താലും, യാത്രാക്ലേശത്താലും പരിശുദ്ധ ബാവാ ക്ഷീണിതനായി.

കല്ലിശേരി പള്ളിയിൽ നിന്നും ഓമല്ലൂർ പള്ളിയിലേക്കുള്ള യാത്രയിലും, ഓമല്ലൂരിലും, ബഹുമാനപെട്ട ഇലവിനാമണ്ണിൽ കുറിയാക്കോസ് കശീശാ വിപുലമായ സ്വീകരണ ക്രമീകരണങ്ങളാണ് ചെയ്തിരുന്നത്. മഞ്ഞനിക്കരയിലെത്തിയ ബാവാ ഇവിടുത്തെ താമസം നമുക്കു സുഖമായി തോന്നുന്നു. ഇവിടെ സ്ഥിരമായി താമസിച്ചാൽ കൊള്ളാമെന്ന് നാം ആഗ്രഹിക്കുന്നുവെന്ന് കല്പിച്ചു.

ഫെബ്രുവരി 12–ാം തീയ്യതി പരിശുദ്ധ ബാവായെ സന്ദർശിക്കാനെത്തിയ പട്ടക്കാരോട് ഇന്ന് നിങ്ങളാരും പോകരുത്. രണ്ടു ദിവസം എന്നോടുകൂടെ താമസിക്കരുതോ? എന്നു കല്പിച്ചു. അന്നു വൈകീട്ട് മെത്രാപ്പോലീത്തമാർ താമസിക്കുന്ന പള്ളിക്കു വടക്കുവശത്തുള്ള ഷെഡിൽ കന്തീലാ ശുശ്രൂഷായുടെ പല ഭാഗങ്ങളും ചൊല്ലീ കേൾപ്പിക്കുകയും നിദ്രപ്രാപിക്കുന്നവരെ സംബന്ധിച്ച് പരാമർശിക്കുകയും ചെയ്തു.

ഫെബ്രുവരി 13–ാം തീയതി ശനിയാഴ്ച ബാവാ കല്പിച്ച പ്രകാരം മോർ ക്ലീമീസ് യൂഹാനോൻ അബ്ബാച്ചി വി: കുർബ്ബാനയർപ്പിച്ചു. പരിശുദ്ധ ബാവാ വി: കുർബ്ബാന മദ്ധ്യേ പ്രസംഗിച്ചു. മദ്ധ്യാഹ്ന പ്രാർത്ഥനക്കു ശേഷം ഭക്ഷണം കഴിച്ചു. പിന്നീട് പതിവു തെറ്റിക്കാതെ ഡയറിയെഴുതാനാരംഭിച്ചു. ഡയറിയെഴിതുന്നതിനിടയിൽ ഒരു പദത്തെ കുറിച്ചു സംശയനിവാരണം നടത്തുന്നതിനായി നിഘണ്ടു ആവശ്യപെട്ടു. ഡയറിയെഴുതി കഴിഞ്ഞ് ഉലാത്തുമ്പോൾ തലവേദന തോന്നി എൻെറ തല, എൻെറ തല എന്നിങ്ങനെ പറഞ്ഞു. റമ്പാച്ചന്മാർ അടുത്തെത്തിയപ്പോൾ കുഴയുന്നതുപോലെ തോന്നിയതിനാൽ താങ്ങി മെത്തയിൽ കിടത്തി. പരിശുദ്ധ ബാവാ നിത്യതയിലേക്കു യാത്രയായി. അപ്പോൾ സമയം ഉച്ചകഴിഞ്ഞ് രണ്ടര മണിയായിരുന്നു.

പരിശുദ്ധ ബാവായുടെ കബറടക്കസ്ഥലത്തെക്കുറിച്ച് പല അഭിപ്രായങ്ങളുണ്ടായെങ്കിലും സ്തേഫാനോസ് പള്ളിക്കു വടക്കുവശത്തുള്ള സ്ഥലം അന്ത്യോഖ്യാ സിംഹാസനത്തിലേക്കെഴുതി അവിടെ കബർ പണിതു. ഫെഅബ്രുവരി 14–ാം തിയ്യതി കബറടക്ക ശുശ്രൂഷ നടത്തി.

പരിശുദ്ധ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ ബാവായുടെ കല്പന പ്രകാരം (E265/87) പരിശുദ്ധ ഇഗ്നാത്തിയോസ് ഏലിയാസ് തൃതിയൻ ബാവായുടെ പേര് വി: കുർബ്ബാനയിലെ 5–ാം തുബ്ദേനിൽ ചേർത്തു. ഈ പരിശുദ്ധൻെറ കബറിടം സ്ഥിതി ചെയ്യുന്നതിനോട് ചേർന്ന് പരിശുദ്ധ ഇഗ്നാത്തിയോസ് നൂറോനോയുടെ നാമത്തിൽ പള്ളി പണി കഴിപ്പിച്ചു. പരിശുദ്ധ ഇഗ്നാത്തിയോസ് ഏലിയാസ് തൃതിയൻ ബാവായുടെ ഓർമ്മ പെരുന്നാൾ ഫെബ്രുവരി 13–ന് സഭ കൊണ്ടാടുന്നു.

## Thanks Giving For Favors Received



K M Alias & Family



P V Polson & Family



Saji Mathai & Family



P P Eldho & Family

## പുണ്യശ്ലോകനായ യാക്കോബ് മോർ തീമോത്തിയോസ് തിരുമേനി
## 31-07-1916...10-02-1986

തൃക്കോതമംഗലം പറേക്കുളത്ത് ഫീലിപ്പോസിന്റെയും മറിയാമ്മയുടെയും രണ്ടാമത്തെ പുത്രനായി 1916 ജൂലൈ 31–ാം തീയതി (1091 കർക്കിടകം 15) ജനിച്ചു ബാല്യത്തിൽ "കുഞ്ഞി" എന്ന ഓമനപ്പേരിലാണ് അറിയപ്പെട്ടിരുന്നത്. വിദ്യാഭ്യാസം വാകത്താനം മിഡിൽ സ്കൂളിലും പുതുപ്പള്ളി ഹൈസ്കൂളിലുമാണ് നിർവഹി`ത്.

വൈദീക വിദ്യാഭ്യാസം പണ്ഡിതന്മാരായ ഇട്ടീര മല്പാനച്ചൻ, ഔഗേൻ മോർ തീമോഥിയോസ് മെത്രാപ്പോലീത്ത, കൊച്ചുപറമ്പിൽ ഗീവർഗീസ് റമ്പാച്ചൻ, സത്യവിശ്വാസ വീരനെന്ന് അറിയപ്പെട്ടിരുന്ന മീഖായേൽ മോർ ദിവന്നാസിയോസ് തിരുമേനി എന്നിവരുടെ മേൽനോട്ടത്തിലായിരുന്നു.

1932–ൽ പരിശുദ്ധ ഇഗ്നാത്തിയോസ് ഏലിയാസ് തൃതിയൻ ബാവാ കോറുയോ പട്ടം നൽകി. 1107 മേട മാസം 24–ാം തീയ്യതി മീഖായേൽ മോർ ദിവന്നാസിയോസ് തിരുമേനിയിൽ നിന്നും ശെമ്മാശ്ശ പട്ടം സ്വീകരിച്ചു. 1941–ൽ സ്വർഗ്ഗാരോഹണ പെരുന്നാൾ ദിവസം കോട്ടയം സിംഹാസന പള്ളിയിൽ വച്ച് കശീശാ സ്ഥാനം സ്വീകരിച്ചു. 1976 സെപ്റ്റമ്പർ മാസം 11–ാം തീയ്യതി റമ്പാനായി. 1979 ഏപ്രിൽ 19–ാം തിയ്യതി വെള്ളൂർ സെന്റ് സൈമൺസ് പള്ളിയിൽ വച്ച് തോമസ് മോർ തെയോഫീലോസ്, ഫീലിപ്പോസ് മോർ ഈവാനിയോസ് എന്നിവരോടൊന്നിച്ച് യാക്കോബ് മോർ തീമോത്തിയോസ് എന്ന പേരിൽ ശ്രേഷ്ഠ കാതോലിക്കാ ബസേലിയോസ് പൗലോസ് പ്രഥമൻ ബാവാ അദ്ദേഹത്തെ മെത്രാപ്പോലീത്തയായി വാഴിച്ചു.

ബാല്യത്തിൽ തന്നെ കളി വിനോദങ്ങളിൽ നിന്നും വ്യർത്ഥ സംസാരങ്ങളിൽ നിന്നും ഒഴിഞ്ഞു നിന്ന വ്യക്തിയായിരുന്നു പുണ്യശ്ലോകനായ തിരുമേനി. ശെമ്മാശ്ശനായിരുന്നപ്പോൾ യാത്രയിലും വിശുദ്ധ വേദപുസ്തകവും, നമസ്കാരക്രമവും കൂടെ കൊണ്ടുപോകുമായിരുന്നു. പലരിലും പ്രാർത്ഥനാ ശീലം വളർത്തുന്നതിന് തിരുമേനി മാതൃകയായിട്ടുണ്ട്. യാമ പ്രാർത്ഥന, രഹസ്യ പ്രാർത്ഥന, നോമ്പ് എന്നിവ ഏറെ ചിട്ടയോടെ അനുഷ്ഠിക്കുമായിരുന്നു.

മറ്റുള്ളവരെ കാണിക്കുവാൻവേണ്ടി ദീർഘമായി പ്രാർത്ഥിക്കുന്നവരും ഇല്ലാത്ത ശബ്ദം കൃത്രിമമായി ഉണ്ടാക്കി ആരാധന നടത്തുന്നവരും, ശുശ്രൂഷാ ക്രമങ്ങളിൽ ഉപയോഗിക്കുന്നവരും ഏറെയുള്ള കാലത്ത് തിരുമേനി ഒരു നല്ല മാതൃകയായിരുന്നു. വി: കുർബ്ബാനക്ക് ഒരുക്കിയ കൈകൾ പിന്നീട് മുറി പൂട്ടാനുപയോഗിക്കുന്ന താക്കോലിലെങ്കിലും സ്പർശിക്കാനിടയായാൽ കൈകൾ വീണ്ടും കഴുകുമായിരുന്നു. കർത്താവിന്റെ വിശുദ്ധ തിരുശരീര രക്തങ്ങളെക്കുറിച്ചുള്ള ഭയമഹുമാനദരവുകൾ അത്രക്ക് തീവ്രമായിരുന്നു. വീട്ടിൽ മേശപ്പുറത്ത് അഴിച്ചുവച്ച വാച്ച് ത്രോണോസിൽ വക്കുന്നതിനുമുമ്പ് കഴുകിയതിനാൽ ഒരിക്കൽ വാച്ച് നിന്നുപോയ സംഭവവും ഉണ്ടായിട്ടുണ്ട്.

ചിങ്ങവനം മോർ അഫ്രേം സെമിനാരി, പെരുമ്പിള്ളി സെന്റ്: ജെയിംസ് സെമിനാരി, മലേക്കുരിശ് ദയറാ, വെട്ടിക്കൽ MSOT മെമിനാരി, എന്നിവിടങ്ങളിൽ മല്പാനെന്ന നിലയിൽ അനേകം വൈദിക വിദ്യാർത്ഥികളെ പഠിപ്പിച്ചിട്ടുണ്ട്. സെമിനാരിയിൽ മല്പാനായിരുന്നപ്പോൾ സ്വന്തം വസ്ത്രങ്ങൾ സ്വയം കഴുകിയിടുമായിരുന്നു. സെമിനാരി വിദ്യാർത്ഥികൾ അത് ചെയ്യുന്നതിന് താത്പര്യപെട്ടിരുന്നെങ്കിലും അത് അനുവദിക്കുമായിരുന്നില്ല.

മെത്രാൻ വാഴ്ചയുടെ അവസരത്തിൽ മൂന്നു സ്ഥാനാർത്ഥികളിൽ പ്രായം കൂടുതലുണ്ടായിരുന്നത് വന്ദ്യ യാക്കോബ് റമ്പാനായിരുന്നു. എന്നാൽ വന്ദ്യ മൂത്തേടം തിരുമേനി കോറെപ്പിസ്ക്കോപ്പയായിരുന്നതിനാൽ പ്രായമൂപ്പിനെ വകവക്കാതെ സ്ഥാനമൂപ്പിനെ ബഹുമാനിച്ച് തനിക്ക് ലഭിക്കുമായിരുന്ന മൂപ്പുസ്ഥാനം ഉപേക്ഷിക്കുകയായിരുന്നു. ഫോട്ടോക്കുവേണ്ടി മുൻ നിരയിൽ കയറുന്നവർക്കും നല്ല മാതൃകയായിരുന്നു തിരുമേനി.

പുണ്യശ്ലോകനായ മീഖായേൽ മോർ ദീവന്നാസ്യോസ് തിരുമേനിയുടെ ഓർമ്മദിവസം, 1986 ജനുവരി 18–ാം തീയ്യതി പാണംപടി സെന്റ്: മേരീസ് പള്ള യിലെത്തിയായിരുന്നു തിരുമേനി അവസാനമായി വി:കുർബ്ബാനയർപ്പിച്ചത്. തന്റെ ഗുരുവിന്റെ കബറിങ്കൽ പോകുന്ന പതിവ് തെററിക്കാതെ മരണം വരെ പിന്തുടർന്നു.

സത്യവിശ്വാസത്തിൽ ജീവിക്കുന്നതിന് 1975 ജനുവരി 26–ാം തിയ്യതി സ്വന്തം സ്ഥലത്ത് സെന്റ്: മേരീസ് ബേത്‌ലഹേം പള്ളി സ്ഥാപിച്ചു. തന്റെ ഭൗതീക ശരീരം അടക്കം ചെയ്യുന്നതിനുള്ള സ്ഥാനം അന്നു തന്നെ തിരഞ്ഞെടുത്തു. വിശ്വാസത്തിന്റെ ആഴം വ്യക്തമാക്കുന്ന യഥാർത്ഥ തിരഞ്ഞെടുപ്പ്.

1986ജനുവരി 22–ാം തീയ്യതി അങ്കമാലിക്കടുത്തുള്ള പൊയ്ക്കാട്ടുശേരി പള്ളിയിൽ മോർ ബഹനാം സഹദായുടെ തിരുശേഷിപ്പ് സ്ഥാപിക്കുന്നതിനു വേണ്ടി എഴുന്നെള്ളിയ തുരുമേനി തിരുശേഷിപ്പുകളുടെ മാഹാതമ്യത്തെക്കുറിച്ച് ദീർഘമായി സംസാരിച്ചു. അന്നു സന്ധ്യാപ്രാർത്ഥനക്കുശേഷം (cerebral hem-rage) രോഗബാധിതനായി. 1986 ഫെബ്രുവരി 10–ാം തിയ്യതി (വലിയ നോമ്പ് ആരംഭ ദിവസം) അങ്കമാലിയിൽ വച്ച് കാലം ചെയ്തു. കാലം ചെയ്ത വിവരം അറിഞ്ഞ് അബ്രാഹാം മോർ ക്ലിമ്മിസ് തിരുമേനി, ഇപ്പോഴത്തെ ശ്രേഷ്ഠ ബാവാ, മഞ്ഞനിക്കരപെരുന്നാളിൽ സംബന്ധിക്കുവാൻ മലങ്കരയിൽ എത്തിയിരുന്ന മോർ അപ്രേം തീമോത്തിയോസ് ആബൂദി, മോർ ജോർജ്ജ് സലീബാ തെയോഫീലോസ് എന്നിവരും അങ്കമാലിയിലെത്തി പ്രാർത്ഥന നടത്തി. പുണ്യശ്ലോകനായ തിരുമേനി പിതാക്കന്മാരുടെ ഗണത്തോട് ചേർന്ന് നമക്കുവേണ്ടി പ്രാർത്ഥിക്കുന്നു. സെന്റ്: മേരീസ് ബേത്‌ലഹേം പള്ളിയിലെ പുണ്യശ്ലോകനായ തിരുമേനിയുടെ കബർ തൃക്കോതമംഗലത്തിനും, മലങ്കര സഭക്കാകമാനം അഭയയാചനക്ക് കാരണമായിരിക്കുന്നു.

2009 ജനുവരി 25-ാം തീയ്യതി വലിയ തിരുമേനിയുടെ ഓർമ്മപെരുന്നാൾ ഏററുകഴിച്ചവർ

- Aabo Kurian & Family,
- Achen Kunju V.J & Family,
- Amal Ligy,
- Angel Alias,
- Angel Eldho,
- Ann & Ethan,
- Bisha Paul,
- Cherian P.M,
- Christine & Sharon,
- Denny Alias,
- Deo Saji,
- Eldho K. K. & Family,
- George C. C. & family,
- George Kuriakose,
- Joby Paul & Family,
- Jyothish Jacob,
- Manoj & Family,
- MM Cherian & Family,
- Philip & Meenu,
- Prince & Family,
- Raju P. K. & Family
- Reni & Family
- Roy Mathai
- Shelly Paulson
- Sherin & Shruti
- Siji Binu
- Sunil & Family
- Varghese K. M. & Family

## New Faces to Our Parish



Mr. Pratheesh Mathew (P-022)
Parappattu House
Palakuzha P.O, Koothattukulam Ernakulam [Dist]
**Home Parish:**
St. Johns Jacobite Syrian Church, Kappipally.
Dioces: Kandanadu
**Present Address**
M/s Apple Center,
Exhibition Road, Hoora, Bahrain.
Mobile No: 39401944



Mr. Eldo Skaria (E-031)
Anipra House
Pattal, Near Periyar Valley, A M Road Perumbavoor
Ernakulam [Dist]
**Home Parish:** Bethel Suloko Cathedral, Perumbavoor
Dioces: Angamaly
**Present Address**
P. O Box: 1159, Bahraini Saudi Bank. Manama
Mobile No: 39401944